# Siraj
# 25 July 2018
# Kodamangalam, Heavy Rain

## ലോഡുമായി വന്ന മിനിലോറി ചെരിഞ്ഞു

**കോതമംഗലം:** കുടമുണ്ട പുതിയ പാലത്തിൽ ലോഡുമായി വന്ന മിനിലോറി ചെരിഞ്ഞു. കനത്ത മഴയെ തുടർന്ന് കോതമംഗലം ആറിലെ ജലനിരപ്പ് ഉയർന്നതോടെ കുടമുണ്ട പാലം വെള്ളത്തിലാണ്. ഇതോടെ ഇതിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ഈ അവസ്ഥയിലാണ് ഫർണിച്ചർ കമ്പനിയിലേക്ക് ആവശ്യമുള്ള സാധനങ്ങളുമായി മിനിലോറി ഇതുവഴി വന്നത്. പഴയപാലത്തിൽ വെള്ളംകയറി ഗതാഗത യോഗ്യമല്ലാത്തതിൽ അപ്രോച്ച് റോഡ് പൂർത്തിയാകാത്തതിനാൽ നിർമാണം പൂർത്തിയായിട്ടും കൃത്യമായി ഉപയോഗിക്കാതെ കിടന്നിരുന്ന പുതിയ പാലത്തിലൂടെ മിനിലോറി കടത്തുവാൻ ശ്രമിച്ചതാണ് അപകട കാരണം. രണ്ടുജെ സിബി ഉപയോഗിച്ച് ലോറി മാറ്റുവാൻ ശ്രമം നടത്തിയെങ്കിലും വൈകുന്നേരമായിട്ടും പ്രശ്നം പരിഹരിക്കാനായില്ല.



കുടമുണ്ട പുതിയ പാലത്തിൽ ലോഡുമായി വന്ന മിനി ലോറി ചെരിഞ്ഞ നിലയിൽ